**ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ ( ഐഒആർഎ) നേതാക്കളുടെ ഉച്ചകോടി , ജാക്കർത്ത**

മാർച്ച് 09, 2017

ജാക്കർത്തയിൽ മാർച്ച് 7, 2017 നു നടന്ന ഒന്നാമത് ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ ( ഐഒആർഎ) നേതാക്കളുടെ ഉച്ചകോടിക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തെ ഇന്ത്യയുടെ ഉപരാഷ്ട്രപതി നയിച്ചു. അസോസിയേഷന്റെ ഇരുപതാം വാർഷികത്തോട് അനുബന്ധിച്ചായിരുന്നു ഉച്ചകോടി

മന്ത്രിമാരുടെ കൌൺസിൽ യോഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥരുടെ കമ്മിറ്റി എന്നിവ ഉച്ചകോടിയ്ക്ക് മുന്നോടിയായി നടന്നു. കേന്ദ്ര വിദേശകാര്യ സഹമന്ത്രി ജന (ഡോ) വികെ സിംഗ് (റിട്ട) മന്ത്രിമാരുടെ കൌൺസിലിൽ പങ്കെടുത്തു. അതേ സമയം എംഇഎ സെക്രട്ടറി ( ഇആർ ) ശ്രീ അമർ സിൻഹ ഉന്നത ഉദ്യോഗസ്ഥരുടെ കമ്മിറ്റിയിലെ സംഭാഷണങ്ങൾ നയിച്ചു

സൈബർ സുരക്ഷയിൽ ഒരു ഐഒആർഎ സഹകരണ സംവിധാനം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾക്കുള്ള ശ്രമങ്ങൾ നടത്തുവാൻ എല്ലാ അംഗരാജ്യങ്ങളോടും ഉപരാഷ്ട്രപതി ആവശ്യപ്പെട്ടു

മൂന്നു പ്രമാണങ്ങൾ ഉച്ചകോടിയിൽ തെരഞ്ഞെടുക്കപ്പെട്ടു . ആദ്യത്തേത് ഐഒആർഎ ഉടമ്പടി ആയിരുന്നു , അത് നേതാക്കൾ ഒപ്പ് വച്ചു , അത് ഐഒആർഎയുടെ ഭാവിയിലേക്കുള്ള വീക്ഷണങ്ങളെ പ്രദർശിപ്പിക്കുകയും സമുദ്ര തീര സുരക്ഷ സംരക്ഷണത്തിൽ 21 അംഗരാജ്യങ്ങളുടെ സഹകരണത്തിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും . മറ്റുള്ള രണ്ട് പ്രമാണങ്ങളും അംഗീകരിച്ചു , അവ '' ആക്രമണപരമായ തീവ്രവാദത്തെ തടയുന്നതിനും തീവ്രവാദത്തെ പ്രതിരോധിക്കുന്നതിനുമുള്ള അറിയിപ്പും''അടുത്ത അഞ്ചു വർഷത്തേക്കു ഐഒആർഎക്കുള്ള ആക്ഷൻ പ്ലാനും "

ഐഒആർഎ ഉച്ചകോടിയെ അഭിസംബോധന ചെയ്യവേ , ഇന്ത്യയിലെ തീരദേശ നഗരങ്ങളിൽ ഒന്നിൽ ഒരു ഐഒആർ സെന്റർ ഓഫ് എക്സലൻസ് ( ഐസിഇ ) സ്ഥാപിക്കാമെന്ന വാഗ്ദാനം ഉപരാഷ്ട്രപതി വാഗ്ദാനം ചെയ്തു . എല്ലാ അംഗരാജ്യങ്ങളിൽ നിന്നും ലഭ്യമാക്കുന്ന മാർഗങ്ങൾ ഒന്നിച്ചു ചേർക്കുവാനും അതിലൂടെ ഓരോ അംഗങ്ങൾക്കും അവരുടെ വിദ്യാഭ്യാസ വിചക്ഷണന്മാർക്കും ഗവേഷകരുൾപ്പെടെയുള്ളവർക്കും ഓൺലൈൻ വഴി അതുപയോഗിക്കുവാനും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിക്കുക . എല്ലാ അംഗ രാജ്യങ്ങളിലെയും ശ്രമങ്ങളെ സംയോജിപ്പിക്കുന്നതിന് ഐഒആർഎ ചിന്തകരുടെ ഒരു ശ്രിംഖല ഉണ്ടാക്കുന്നതിനും നിർദേശം ഉണ്ടായി . സമുദ്ര സുരക്ഷ രംഗത്ത് , സമുദ്രസുരക്ഷ മണ്ഡല ബോധവത്ക്കരണം ( മാരിടൈം ഡൊമൈൻ അവയർനെസ് (എംഡിഎ ) ഏകോപിപ്പിക്കുവാൻ ഒരു ഇൻഫർമേഷൻ ഫ്യൂഷൻ സെന്റർ സ്ഥാപിക്കാമെന്ന് ഇന്ത്യ വാഗ്ദാനം ചെയ്തു , അതോടൊപ്പം ഹൈഡ്രോഗ്രാഫി മേഖലയിൽ എല്ലാ അംഗരാജ്യ സഹകരണവും വാഗ്ദാനം ചെയ്തു

ഐഒആർഎ പ്രക്രിയയെ മുന്നോട്ടു നയിക്കുന്ന പ്രധാനികളിൽ ഒരാൾ ഇന്ത്യയാണ് . ആറു മുൻഗണന മേഖലകളെ തിരിച്ചറിയുക എന്ന ഇന്ത്യയുടെ ഒരു നിർദേശത്തിലൂടെ 2011 - 13 കാലയളവിൽ ഇന്ത്യയുടെ അധ്യക്ഷപദത്തിന് കീഴിൽ അസോസിയേഷന് പുതുജീവൻ ലഭിച്ചത് . അടുത്ത കാലത്തായി ഒക്ടോബർ 2016 ൽ ബാലിയിൽ നടന്ന മന്ത്രിമാരുടെ കൌൺസിലിൽ വികസനപരമായ വിഷയങ്ങളിൽ 12 പ്രധാന സംരംഭങ്ങൾ ഇന്ത്യ പ്രഖ്യാപിച്ചിരുന്നു . ഇവയിൽ നാലെണ്ണം നടപ്പിലാക്കിക്കഴിഞ്ഞു , ബാക്കിയുള്ളവ ഈ വർഷം തന്നെ പൂർത്തിയാകുമെന്ന് കരുതുന്നു

ഉച്ചകോടിയോട് അനുബന്ധിച്ച് ഇന്തോനേഷ്യയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ ജോകൊ വിഡോഡോ , ശ്രീലങ്കയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ മൈത്രിപാല സിറിസേന, യെമെൻ പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ അബ്ദ്റാബ് മൻസൌർ ഹാദി , ഇന്തോനേഷ്യ വൈസ് പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ ജൂസുഫ്

കല്ലാ, ഇറാൻ വിദേശകാര്യ മന്ത്രി ഹിസ് എക്സലൻസി ശ്രീ മൊഹമ്മദ് ജവാദ് ശരീഫ് എന്നിവരുമായി ഉപ രാഷ്ട്രപതി ഉഭയകക്ഷി യോഗങ്ങൾ നടത്തി.

ന്യൂ ഡെൽഹി
മാർച്ച് 09, 2017